## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 3926 — 24.06.2014-ൽ മറുപടിയ്ക്ക്

### സ്വന്തമായി ഭവനം ഇല്ലാത്ത ആദിവാസി കുടുംബങ്ങൾ

**ചോദ്യം**
ശ്രീ.സി.കെ.നാണു
ശ്രീ.ജോസ് തെറ്റയിൽ
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.മാത്യു.റ്റി.തോമസ്

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കേരളത്തിൽ ആകെ എത്ര ആദിവാസി കുടുംബങ്ങളാണ് നിലവിൽ ഉള്ളത്; | എ) | 2008-ലെ സർവ്വേ പ്രകാരം 107965 പട്ടികവർഗ്ഗ കുടുംബങ്ങൾ കേരളത്തിലുണ്ട്. |
| ബി) | അവയിൽ സ്വന്തമായി ഭവനം ഇല്ലാത്ത എത്ര കുടുംബങ്ങളാണ് ഉള്ളത്; | ബി) | സ്വന്തമായി ഭവനമില്ലാത്ത 12935 കുടുംബങ്ങളുണ്ട്. |
| സി) | പ്രസ്തുത കുടുംബങ്ങൾക്ക് വീട് വച്ച് നൽകുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അടുത്ത 18 മാസങ്ങൾക്കുള്ളിൽ ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി സമഗ്ര ഭവന നിർമ്മാണ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ